അനൂപ് അനന്തൻ

# തുഞ്ചൻ ദിനത്തിൽ ഒരു പ്രസംഗം



*ഇന്ന്, ഡിസംബർ 31. വീണ്ടുമൊരു തുഞ്ചൻ ദിനം കടന്നുവരികയാണ്. ഈ വേളയിൽ തുഞ്ചൻ ദിനാചരണ പരിപാടിയിലേക്കുള്ള പ്രസംഗമിതാ...*

വേദിയിലും സദസ്സിലുമുള്ള ബഹുമാന്യരേ, സുഹൃത്തുക്കളേ,

തുഞ്ചത്ത് എഴുത്തച്ഛൻെറ ഓർമ്മ ദിനം ആചരിക്കുകയാണ് നാം. ഒരുപക്ഷേ, മാതൃഭാഷയുടെ പ്രാധാന്യം ഓർക്കുന്ന ദിനം കൂടിയാണിത്. മലയാളം നമ്മുടെ മാതൃഭാഷയാണ്. ജീവിതയാത്രയിൽ നാം ഏത് മേഖലകളിലെത്തിയാലും ഈ ഭാഷ തരുന്ന അഭിമാനം ഏറെ വലുതാണ്.

നമ്മുടെ രക്ഷിതാക്കളിൽ പലരും വിദേശ രാജ്യങ്ങളിൽ ജോലി ചെയ്യുന്നവരാണ്. അത്തരം വേളയിൽ മലയാളികൾ തമ്മിൽ കണ്ടുമുട്ടുമ്പോൾ അനുഭവിക്കുന്ന ആഹ്ലാദം പലരും പറഞ്ഞ് നാം കേട്ടതാണ്. മലയാള ഭാഷയുടെ പിതാവ് എന്ന വിശേഷണത്തിനർഹനായ തുഞ്ചത്തെഴുത്തച്ഛന്റെ സ്മരണ നിലനിർത്തേണ്ടത് കാലഘട്ടത്തിൻെറ അനിവാര്യതയാണ്.

മലപ്പുറം ജില്ലയിൽ തിരൂരിലെ തൃക്കണ്ടിയൂരിൽ ആയിരുന്നു എഴുത്തച്ഛൻെറ ജനനം. ഇപ്പോൾ ഈ സ്ഥലം തുഞ്ചൻപറമ്പ് എന്നറിയപ്പെടുന്നു.

എഴുത്തച്ഛന്റെ ജീവചരിത്രം ഐതിഹ്യ

 ഏറ്റവും വലിയ മനുഷ്യച്ചങ്ങല തീർത്ത സംസ്ഥാനം- ബീഹാർ



# നെല്ല്

നെല്ലിന്റെ ശാസ്ത്രീയ നാമമാണ് ഒറൈസ സറ്റൈവ (Oryza Sativa). നെല്ല് ഗ്രാമിനേ (Graminea) സസ്യ കുടുംബത്തിൽ പെട്ടതാണ്.

ങ്ങളാലും അർദ്ധസത്യങ്ങളാലും മൂടപ്പെട്ടു കിടക്കുകയാണ്. എഴുത്തച്ഛൻെറ കുടുംബ ത്തെ കുറിച്ച് ഓർക്കാം. ചക്കാല നായർ സമുദായത്തിൽപ്പെട്ട ഭാഗ്യവതി എന്നു പേരുള്ള സ്ത്രീയായിരുന്നു അമ്മ. ചക്കാ ല നായർ സമുദായത്തിൽ ജനിച്ചതിനാൽ കുലത്തൊഴിലുമായി ബന്ധപ്പെട്ട പരിഹാസ ത്തിന് എഴുത്തച്ഛൻ ഇരയായിട്ടുണ്ട്. ഇത്, ശരിവെക്കുന്ന രീതിയിലുള്ള ചില കഥകൾ പ്രചാരത്തിലുണ്ട്. 'തുഞ്ചൻെറ ചക്കിൽ എത്ര ആട്ടും' എന്ന് ആരോ ഒരിക്കൽ ചോദി ച്ചു. ചോദിച്ചയാൾക്ക് 'നാലും ആറും ആട്ടും' എന്ന വായടപ്പൻ മറുപടിയാണ് ലഭിച്ചത്. എഴുത്തച്ഛൻ, ഉദ്ദേശിച്ചത് നാലുവേദങ്ങളും ആറ് ശാസ്ത്രവും താൻ കൈകാര്യം ചെ യ്യുന്നു എന്നാണ്.

ഇത്തരം കഥകളാണ് എഴുത്തച്ഛൻെറ ജീവിതകാലത്തെ കുറിച്ചുള്ള സൂചനകൾ നൽകുന്നത്. ഇതിൽ നിന്നും നമുക്ക് മന സ്സിലാക്കാവുന്ന പാഠം സാമൂഹികമായും സാമ്പത്തികമായും ഏറെ വെല്ലുവിളികൾ നേരിട്ട ജീവിതമായിരുന്നു എഴുത്തച്ഛന്റേത് എന്നാണ്. എഴുത്തച്ഛന്റെ പേരിനെ കുറി ച്ച് പോലും നമ്മുടെ ഭാഷാപണ്ഡിതൻമാർ ക്കിടയിൽ അഭിപ്രായവ്യത്യാസങ്ങളുണ്ട്. എഴുത്തച്ഛൻ പതിനഞ്ചാം നൂറ്റാണ്ടിനും പതിനാറാം നൂറ്റാണ്ടിനും ഇടയിലാണ് ജീവി ച്ചിരുന്നതെന്ന് കരുതപ്പെടുന്നു.

'ഭവാരിധി തന്നിൽ തിരമാലകളെന്നപോലെ

ഭാരതി പദാവലി തോന്നണം കാലേ കാലേ'

എന്നായിരുന്നു എഴുത്തച്ഛൻെറ ഏറ്റവും വലിയ പ്രാ ർത്ഥന. കടലിൽ തിരമാലകൾ എന്ന പോലെ പദ ങ്ങൾ തടസ്സങ്ങളില്ലാതെ തന്നിലേക്ക് എത്തിച്ചേരണ മെന്നായിരുന്നു അദ്ദേഹത്തിന്റെ പ്രാർത്ഥന.

ഈ വരികൾ മാത്രം മതി ഭാഷാപിതാവെന്ന ബഹുമതിക്ക് ഏറ്റവും അർഹൻ എഴുത്തച്ഛൻ തന്നെയാണെന്ന് ബോധ്യപ്പെടാൻ. പാരാവാരം പോ ലെ വിശാലമാണ് എഴുത്തച്ഛൻെറ എഴുത്തും ജീവി തവും.

അതിനാൽ, പറഞ്ഞാൽ തീരില്ല ഈ മഹാപ്ര തിഭയുടെ കൃതികളെ കുറിച്ച്. ഈ ദിനം നമ്മുടെ മലയാളത്തെ കൂടുതൽ നമ്മോട് ചേർത്തു നിർ ത്താൻ പ്രേരിപ്പിക്കുന്നതാവട്ടെ എന്നുമാത്രം ആഗ്ര ഹിച്ചുകൊണ്ട് നിർത്തട്ടെ.. എല്ലാവർക്കും ഹൃദയ ത്തിൻെറ ഭാഷയിൽ നന്ദി...

✦